(ബി) എങ്കിൽ ഈ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചു വന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

45 (954) കണ്ണൂർ ജില്ലയിലെ മടമ്പു റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി

ശ്രീ. കെ.സി. ജോസഫ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മടമ്പു റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ;

(ബി) 1999-2000 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര രൂപ നീക്കിവച്ചിട്ടുണ്ട്;

(സി) ഈ പ്രവർത്തിക്ക് ഭരണാനുമതി നൽകിയോ; ഇല്ലെങ്കിൽ കാരണമെന്താണ്?

ഉത്തരം

(എ) ഇതിന്റെ ഡിസൈൻ ചീഫ് എഞ്ചിനീയർ പരിശോധിച്ചു വരുന്നു.

(ബി) 30 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(സി) ഭരണാനുമതി നൽകിയിട്ടുണ്ട്.

46 (955) മാഹി കനാലിന്റെ നിർമ്മാണം

ശ്രീ. സി.കെ. നാണു : താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാഹി കനാലിന്റെ ഈ വർഷം നടക്കുന്ന പണികൾ ഏവ;

(ബി) ഈ സാമ്പത്തികവർഷം ഇതിനായി എത്ര സംഖ്യ ചെലവഴിച്ചു;

(സി) ബഡ്ജറ്റിൽ മാഹി കനാലിനുവേണ്ടി അനുവദിച്ച സംഖ്യ മുഴുവൻ ഈ സാമ്പത്തികവർഷം കനാലിന്റെ നിർമ്മാണം പൂർത്തിയാക്കാൻ ഉപയോഗിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ?

ഉത്തരം

(എ) 1) പുറമേനി പഞ്ചായത്തിൽ കമ്മിൽതാഴെ എന്ന സ്ഥലത്ത് വടകര-മാഹി കനാലിന് കുറുകെ ഒരു നടപ്പാലത്തിന്റെ നിർമ്മാണം.

2) വടകര-മാഹി കനാലിന് കുറുകെ തിരുവള്ളൂർ പഞ്ചായത്തിലെ കൗണ്ടർമട എന്ന സ്ഥലത്ത് ഒരു നടപ്പാലത്തിന്റെ നിർമ്മാണം.

LIBRARY ARCHIVES Kerala Legislative Assembly